# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512

YEARS OF CELEBRATING THE MAHATMA

## വാർത്താക്കുറിപ്പ്

**2023 ജൂലൈ 18**

---

## വൈസ് ചാൻസലർ അനുശോചിച്ചു

മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ നിര്യാണത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാർ അനുശോചിച്ചു. ഉന്നത വിദ്യാഭ്യാസ മേഖല കാലത്തിനൊത്ത് മാറേണ്ടതിന്റെ അനിവാര്യത തിരിച്ചറിഞ്ഞ ഭരണാധികാരിയായിരുന്നു അദ്ദേഹമെന്ന് വൈസ് ചാൻസലർ അനുസ്മരിച്ചു.

പി.ആർ.ഒ/39/830/2023)

## മാറ്റിവച്ച സ്പോട്ട് അഡ്മിഷൻ ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ എം.എ(എസ്.ഡബ്ല്യു.ഡി.എസ് ആൻറ് എ) 2023-24 ബാച്ചിൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം ചെയ്യപ്പെട്ടവ ഉൾപ്പെടെ ഒഴിവുള്ള സീറ്റുകളിലേക്ക് ഇന്നലെ(ജൂലൈ 18) നടത്താനിരുന്ന സ്പോട്ട് അഡ്മിഷൻ ഇന്ന് (ജൂലൈ 19)നടക്കും. പ്രവേശനം ആഗ്രഹിക്കുന്നവർ അസൽ യോഗ്യതാ സർട്ടിഫിക്കറ്റുകളുമായി ഇന്നു (ജൂലൈ 19) രാവിലെ 11ന് മുൻപ് വകുപ്പ് ഓഫീസിൽ എത്തണം.

പി.ആർ.ഒ/39/831/2023)

## ബിരുദ ഏകജാലകം; കമ്യൂണിറ്റി മെരിറ്റ് ക്വാട്ടയുടെ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ ബിരുദ ഏകജാലക പ്രവേശനത്തിൽ കമ്യൂണിറ്റി മെരിറ്റ് ക്വാട്ടയുടെ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ നാളെ(ജൂലൈ 20) വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം. ഈ സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാകും.

കമ്യൂണിണിറ്റി മെരിറ്റ് ക്വാട്ടയുടെ രണ്ടാം ഘട്ട അലോട്ട്മെന്റിലൽ സ്ഥിര പ്രവേശനം മാത്രമാണ് അനുവദിക്കുക.
പി.ആർ.ഒ/39/832/2023)

## പി.ജി ഏകജാലകം;സംവരണ വിഭാഗക്കാർക്കുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലേക്കുള്ള ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനത്തിൽ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളിലെ വിദ്യാർഥികൾക്കുള്ള ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

ഒന്നാം പ്രത്യേക അലോട്ട്മെന്റ് ലഭിച്ചവരും ഒന്നു മുതൽ മൂന്നുവരെ അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനമെടുത്തവരുമായ പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾ നാളെ(ജൂലൈ 20) വൈകുന്നേരം നാലിനു മുൻപ് കോളജുകളിൽ നേരിട്ട് ഹാജരായി സ്ഥിര പ്രവേശനം എടുക്കണം. ഈ സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാകും.

**പബ്ലിക് റിലേഷൻസ് ഓഫീസർ**